ഫ്ലൈ ദുബായ് വിമാന ആക്രമണം

പിന്നിൽ തീവ്രവാദ പ്രചോദനം

അന്വേഷണം ശക്തമാക്കി അന്താരാഷ്ട്ര ഏജൻസികൾ

ദുബായ്: ദുബായിൽനിന്നു ടെൽ അവീവിലേക്ക് 174 യാത്രക്കാരും ആറു ജീവനക്കാരുമായി പറന്ന ഫ്ലൈ ദുബായ് വിമാനം തകർക്കാൻ ഒമാനി സഹപൈലറ്റ് ശ്രമിച്ച സംഭവത്തിൽ അന്താരാഷ്ട്രതലത്തിൽ സംയുക്ത അന്വേഷണം ഊർജിതമാക്കി. ഭീകരാക്രമണസാധ്യതയും പ്രതിയുടെ മാനസികാരോഗ്യ പ്രശ്നങ്ങളുമടക്കം എല്ലാ വശങ്ങളും അന്വേഷിച്ചുവരികയാണെന്ന് പ്രമുഖ സുരക്ഷാ ഏജൻസികൾ അറിയിച്ചു.

സൗദി അറേബ്യയുടെ കസ്റ്റഡിയിലുള്ള പ്രതിയെ ചോദ്യം ചെയ്യാൻ ഇസ്രയേൽ, യുഎഇ, അമേരിക്ക എന്നീ രാജ്യങ്ങളിലെ അന്വേഷണസംഘങ്ങൾ തബൂക്കിലെത്തിയിട്ടുണ്ട്. പ്രതിയെ ദുബായ് അധികൃതർക്കു കൈമാറുമെന്നാണ് റിപ്പോർട്ട്.

ഇസ്രയേലും ഒമാനും തമ്മിൽ നയതന്ത്രബന്ധമില്ലാത്ത സാഹചര്യത്തിൽ, ടെൽ അവീവിലേക്കുള്ള വിമാനത്തിൽ ഒമാനി പൈലറ്റിന് എങ്ങനെ അനുമതി ലഭിച്ചു എന്നതിനെക്കുറിച്ച് യുഎഇയും വിമാനക്കമ്പനിയും വ്യോമയാന സുരക്ഷാ ചട്ടങ്ങൾ മുൻനിർത്തി അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

പ്രതിയായ ഒമാനി സഹപൈലറ്റിനു പിന്നിൽ ഇസ്‌ലാമിക തീവ്രവാദ പ്രചോദനമുണ്ടായിരുന്നതായി ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു പറഞ്ഞു. പ്രതിയുടെ വ്യക്തിഗത വിവരങ്ങളിൽനിന്നാണ് ഇക്കാര്യം വ്യക്തമായതെന്ന് ഫോക്സ് ന്യൂസിന് നൽകിയ അഭിമുഖത്തിൽ അദ്ദേഹം വ്യക്തമാക്കി. അക്രമിക്ക് ഇറാനുമായോ മറ്റ് ഭീകരസംഘടനകളുമായോ നേരിട്ടു ബന്ധമുണ്ടോയെന്നു വ്യക്തമാകാൻ ദിവസങ്ങൾ വേണ്ടിവരും. യാത്രക്കാർ കീഴടക്കിയപ്പോൾ "എന്നെ കൊല്ലൂ" എന്ന് അലറിവിളിച്ച അക്രമി സ്വയം ജീവനൊടുക്കാൻ ആഗ്രഹിച്ചിരുന്നതായും നെതന്യാഹു വെളിപ്പെടുത്തി. ഒമാനിൽ ജനിച്ച പ്രതി ഫ്ലൈ ദുബായിൽ ജോലിയിൽ പ്രവേശിച്ചിട്ട് ഒമ്പത് മാസമേ ആയിട്ടുള്ളൂ.

സഹപൈലറ്റിന്റെ കുത്തേറ്റ് ഗുരുതരമായി പരിക്കേറ്റ ഇന്ത്യൻ പൈലറ്റ് ക്യാപ്റ്റൻ സ്മിത് മച്ചാർ സുഖംപ്രാപിച്ചുവരുന്നതായി യുഎഇയിലെ ഇന്ത്യൻ അംബാസഡർ ദീപക് മിത്തൽ അറിയിച്ചു. തബൂക്കിലെ സൈനിക ആശുപത്രിയിൽ പ്രാഥമിക ചികിത്സയ്ക്കും ശസ്ത്രക്രിയയ്ക്കും ശേഷം അദ്ദേഹത്തെ പ്രത്യേക വിമാനത്തിൽ അബുദാബിയിലേക്ക് മാറ്റിയിട്ടുണ്ട്. എംബസി അധികൃതർ ആശുപത്രിയിലെത്തി അദ്ദേഹത്തെയും കുടുംബത്തെയും സന്ദർശിച്ചു. ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഇസ്രയേലിലേക്കുള്ള സർവീസുകൾ ഫ്ലൈ ദുബായ് താത്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും പ്രത്യേക വെബ്സൈറ്റ്

തിരുവനന്തപുരം: കേരളത്തിലെ 1,200 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കായി പ്രത്യേകം ഔദ്യോഗിക വെബ്സൈറ്റുകൾ നിലവിൽവന്നു. തദ്ദേശ സ്ഥാപനങ്ങളുടെ ഓഫീസുകളിൽ എത്തുന്ന പൊതുജനങ്ങൾക്ക് സേവനങ്ങളുടെ ഗുണനിലവാരവും ഓഫീസിലെ സൗകര്യങ്ങളും സംബന്ധിച്ച പ്രതികരണം രേഖപ്പെടുത്താനുള്ള ക്യുആർ കോഡ് സംവിധാനത്തിനും തുടക്കമായി.

- ക്യുആർ കോഡ് സ്കാൻ ചെയ്ത് തദ്ദേശസ്ഥാപനങ്ങളുടെ സേവനനിലവാരം രേഖപ്പെടുത്താൻ അവസരം

സർക്കാരിന്റെ 100 ദിന കർമപരിപാടിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ ഔദ്യോഗിക വെബ്സൈറ്റുകളുടെയും ക്യുആർ കോഡ് അധിഷ്ഠിത സിറ്റിസൺ ഫീഡ് ബാക്ക് സംവിധാനത്തിന്റെയും ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി. സതീശൻ നിർവഹിച്ചു. തദ്ദേശ സ്വയംഭരണ മന്ത്രി കെ.എം. ഷാജി സന്നിഹിതനായിരുന്നു. പൊതുജനങ്ങളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും കൂടുതൽ അടുപ്പിക്കുന്ന സംവിധാനമാണ് തദ്ദേശ സ്ഥാപനങ്ങളുടെ പുതിയ വെബ്സൈറ്റെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള വളരെ ജനാധിപത്യപരമായ ഇടപെടലാണിത്. കേരളത്തിലെ 941 ഗ്രാമ പഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 87 മുനിസിപ്പാലിറ്റികൾ, ആറ് മുനിസിപ്പൽ കോർപറേഷനുകൾ എന്നിവയ്ക്കെല്ലാം ഔദ്യോഗിക വെബ്സൈറ്റ് നിലവിൽവന്നു.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും സ്വന്തം സ്ഥാപന പ്രൊഫൈൽ, ഭരണപരമായ വിവരങ്ങൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൗരസേവനങ്ങൾ, വികസന പദ്ധതികൾ, ബജറ്റ്, തീരുമാനങ്ങൾ, അറിയിപ്പുകൾ, റിപ്പോർട്ടുകൾ, ടെൻഡറുകൾ തുടങ്ങിയ പൊതുവിവരങ്ങൾ പ്രസിദ്ധീകരിക്കാനും ലഭ്യമാക്കാനും സാധിക്കും.

ഈ വെബ്സൈറ്റുകൾ വഴി പൊതുജനങ്ങൾക്ക് ഡിജിറ്റൽ സേവന സംവിധാനങ്ങളിലേക്ക് നേരിട്ടുള്ള പ്രവേശനം സാധ്യമാകും. K-SMART ഉൾപ്പെടെയുള്ള സർക്കാർ ഡിജിറ്റൽ സംവിധാനങ്ങളുമായുള്ള സംയോജനത്തിലൂടെ സർട്ടിഫിക്കറ്റുകൾ, വസ്തുനികുതി, കെട്ടിടവുമായി ബന്ധപ്പെട്ട സേവനങ്ങൾ, ലൈസൻസുകൾ, പണമടയ്ക്കൽ, അപേക്ഷകൾ, പരാതിപരിഹാര സേവനങ്ങൾ തുടങ്ങിയവയിലേക്ക് പൗരന്മാർക്ക് സൗകര്യപ്രദമായി പ്രവേശിക്കാനാകും.

ക്യുആർ കോഡ് സംവിധാനത്തിലൂടെ അഭിപ്രായം രേഖപ്പെടുത്താൻ സാധിക്കുന്നതിലൂടെ പൊതുജനങ്ങൾക്ക് തദ്ദേശഭരണത്തിൽ ക്രിയാത്മകമായി ഇടപെടാൻ സാധിക്കുമെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. ഒരു തദ്ദേശഭരണ സ്ഥാപനത്തിൽ എത്തുന്ന സാധാരണക്കാരന് ഉദ്യോഗസ്ഥരുടെ പെരുമാറ്റം അടക്കമുള്ള കാര്യങ്ങൾ രേഖപ്പെടുത്തുന്നതിന് ഇത് ഉപയോഗപ്പെടുത്താമെന്നും മുഖ്യമന്ത്രി പറഞ്ഞു.

തദ്ദേശസ്ഥാപനങ്ങളിലെ ഫ്രണ്ട് ഓഫീസിൽ പ്രദർശിപ്പിച്ചിട്ടുള്ള ക്യുആർ കോഡ് മൊബൈൽ ഫോൺ ഉപയോഗിച്ച് സ്കാൻ ചെയ്ത് അനുഭവവും അഭിപ്രായവും രേഖപ്പെടുത്താം. ജീവനക്കാരുടെ പെരുമാറ്റവും സഹകരണവും, ആവശ്യമായ സേവനത്തെക്കുറിച്ചുള്ള വിവരങ്ങളുടെയും മാർഗനിർദേശങ്ങളുടെയും ലഭ്യത, സേവനം ലഭിക്കുന്നതിനുള്ള നടപടിക്രമവും കാത്തിരിക്കേണ്ട സമയവും, ഓഫീസിലെ കാത്തിരിപ്പ് സ്ഥലം, ഇരിപ്പിടം, ശുചിമുറി എന്നിവയുടെ വൃത്തിയും ശുചിത്വവും, ഫെസിലിറ്റേഷൻ സെന്ററിലെ അവശ്യ സൗകര്യങ്ങളുടെ (ഫോമുകൾ, സ്റ്റേഷനറി, ഇന്റർനെറ്റ് തുടങ്ങിയവ) ലഭ്യതയും പ്രാപ്യതയും എന്നീ കാര്യങ്ങളെക്കുറിച്ച് പൗരന്മാർക്ക് പ്രതികരണം നൽകാം. പൗരന്മാരുടെ പ്രതികരണത്തിന്റെ അടിസ്ഥാനത്തിലുള്ള തദ്ദേശ സ്ഥാപനങ്ങളുടെ ഗ്രേഡിംഗ് അതത് സ്ഥാപനങ്ങളുടെ വെബ്സൈറ്റുകളിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കും.

മുഖ്യമന്ത്രിയുടെ ചേംബറിൽ നടന്ന പരിപാടിയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി ടി.വി. അനുപമ, സ്പെഷ്യൽ സെക്രട്ടറി എസ്. ഷാനവാസ്, പ്രിൻസിപ്പൽ ഡയറക്ടർ ദിവ്യ എസ്. അയ്യർ, ഡയറക്ടർ (റൂറൽ) അപൂർവ ത്രിപാഠി തുടങ്ങിയവർ പങ്കെടുത്തു.

വയോജന സംരക്ഷണം

നിയമനിർമാണത്തിന്റെ കരട് തയാറായതായി മുഖ്യമന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്തെ മുതിർന്ന പൗരൻമാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി നിയമനിർമാണത്തിന്റെ കരട് തയാറായതായി മുഖ്യമന്ത്രി വി.ഡി. സതീശൻ. മുതിർന്ന പൗരൻമാരുടെ എല്ലാ മേഖലയിലെയും നിയമപരമായ പരിരക്ഷ ഉറപ്പാക്കാൻ അടുത്ത നിയമസഭാ സമ്മേളനത്തിൽ തന്നെ ബിൽ കൊണ്ടുവരുമെന്നും മുഖ്യമന്ത്രി പറഞ്ഞു. മുതിർന്ന പൗരൻമാരുടെ വകുപ്പു രൂപീകരണത്തോട് അനുബന്ധിച്ചു വിവിധ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും എത്തുന്ന മുതിർന്ന പൗരൻമാർക്ക് പ്രത്യേക മുൻഗണന ഉണ്ടാകണം. ആദരിക്കപ്പെടുന്ന വിഭാഗമായി ഇവർക്കു പ്രത്യേക പരിഗണന ലഭിക്കണം. എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഇവർക്കായി ഫെസിലിറ്റേഷൻ ഡെസ്ക് തുറക്കും. മുതിർന്ന പൗരൻമാരുടെ പരിചരണത്തിനായി പ്രത്യേക കോഴ്സ് സർക്കാർ- സ്വകാര്യ മേഖലകളിൽ ആരംഭിക്കും. അടുത്ത വർഷം മുതൽ സർട്ടിഫിക്കറ്റ് കോഴ്സ് തുടങ്ങും. സാമ്പത്തികമായി മുന്നാക്കം നിൽക്കുന്നവർക്ക് പണം നൽകി ഇവരുടെ സേവനം വാങ്ങാം. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ കാര്യം സർക്കാർ പരിഗണിക്കും.

യുവജനങ്ങൾ സ്റ്റാർട്ട് അപ്പുകൾ തുടങ്ങുമ്പോൾ സാങ്കേതിക പരിജ്ഞാനമുള്ള മുതിർന്ന പൗരൻമാരെ ടെക്നോ മെമ്പർമാരാക്കുന്നതു പരിഗണിക്കും. മുതിർന്ന പൗരൻമാരെയും പുതുതലമുറയെയും ബന്ധിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായാണ് നടപടി.

മുതിർന്ന പൗരൻമാർക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സീനിയർ സിറ്റിസൺ ഹെൽപ് ലൈനുകൾ തുടങ്ങും. വിരമിച്ചശേഷം ഇവരെ വീട്ടിൽ ഇരുത്താതെ സമ്പദ്‌വ്യവസ്ഥയുടെ ഭാഗമാക്കി മാറ്റാൻ ആവശ്യമായ നടപടി സ്വീകരിക്കും. എല്ലാ ജില്ലയിലും സീനിയർ സിറ്റിസൺ സെല്ലുകൾ രൂപീകരിക്കും. ഇവരുടെ സ്ഥിതിവിവര സർവേ നടത്തും. അവശത അനുഭവിക്കുന്ന മുതിർന്ന പൗരൻമാരുടെ പ്രത്യേക രജിസ്റ്റർ തയാറാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

മന്ത്രി സി.പി. ജോൺ അധ്യക്ഷത വഹിച്ചു. മന്ത്രി കെ. മുരളീധരൻ, വയോജന കമ്മിഷൻ ചെയർമാൻ കെ. സോമപ്രസാദ്, രത്തൻ യു. കേൽക്കർ, എൻ.എസ്.കെ. ഉമേഷ്, ഡോ. അരുൺ തുടങ്ങിയവർ പ്രസംഗിച്ചു.

അനുഗ്രഹസ്മരണ



**ജിസ്മി ഇസ മരിയ
മറ്റൂർ**

T2609-603997

ദീപിക
ക്ലാസിഫൈഡ്സ്

കുട്ടികളുടെ ദീപിക
കുട്ടികളുടെ പ്രിയപ്പെട്ട ദ്വൈവാരിക

पंजाब नैशनल बैंक ...भरोसे का प्रतीक ! punjab national bank ...the name you can BANK upon!

പഞ്ചാബ് നാഷണൽ ബാങ്ക്, എ.ആർ.എം.ബി, എറണാകുളം
1-ാം നില, പിൻ.എൻ.ബി.ഹൗസ്, നം. 40/1461, മാർക്കറ്റ് റോഡ്, എറണാകുളം- 682011,
Ph: 0484-2350477, Email: cs4459@pnb.bank.in

സ്ഥാവര വസ്തുക്കളുടെ വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ പ്രൊവിസോ റൂൾ 9(1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ-ലേല വിൽപന നോട്ടീസ്.

താഴെ പറയുന്ന വായ്പക്കാർ/പണയക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ/ചാർജ്ജുള്ളതുമായ വസ്തുക്കൾ **ബാങ്കിന്റെ/സെക്യൂർഡ് ക്രെഡിറ്ററുടെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ക്രിയാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും പണയക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചുകൊള്ളുന്നു. ലേല തീയതിയും കുടിശ്ശിക തുകയുടെ വിവരങ്ങളും താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

ക്രമ നം.	ശാഖയുടെ പേര്/ അക്കൗണ്ടിന്റെ പേര് / വായ്പക്കാർ/പണയക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും	വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	(എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി (ബി) കുടിശ്ശിക തുക, (സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി, (ഡി) കൈവശമെടുത്ത രീതി (പ്രതീകാത്മക/പ്രത്യക്ഷമായി/ക്രിയാത്മകമായി)
1	PNB ARMB എറണാകുളം ശ്രീ. എ.പി വിജയൻ S/o നാരായണൻ കുട്ടി മേനോൻ & സരിത വിജയൻ, W/o ശ്രീ. എ.പി വിജയൻ, ഇരുവരും താമസം : മിൽ ഹൗസ്, ചുണ്ണാമ്പുതറ, വടക്കന്തറ, പാലക്കാട്- 678012 EPFന് 24.10.2018 ലെ രൂപ 9,72,641/-യുടെ അറ്റാച്ച്മെന്റ് ഉണ്ട്.	പാലക്കാട് ജില്ലയിൽ, പാലക്കാട് താലൂക്കിൽ, പാലക്കാട് I വില്ലേജിൽ, വടക്കന്തറ അംശം & ദേശത്ത് സർവ്വേ നം.1466 part ൽ പെട്ട ശ്രീ.എ.പി.വിജയൻ പേരിലുള്ള 13.30 സെന്റ് സ്ഥലവും സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: വടക്ക്:** എ.പി ഉണ്ണികൃഷ്ണൻ വക വീടും സ്ഥലവും, **തെക്ക്:** എ.പി. വിനോദ് വക വസ്തു, **കിഴക്ക്:** 4.5 മീറ്റർ വീതിയുള്ള സ്വകാര്യ പാസ്സേജ്, **പടിഞ്ഞാറ്:** കന്തസ്വാമി ചെട്ടിയാർ & കെ.വി നാഥ് വക വീടും സ്ഥലവും	(എ) 13(2) - 23.08.2016 (ബി) 31.08.2026 ലെ രൂപ 60,00,841.88 (അറുപത് ലക്ഷത്തി എണ്ണൂറ്റി നാൽപ്പത്തിയൊന്ന് രൂപ എൺപത്തിയെട്ട് പൈസ) യും 01.09.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശ നോട്ടീസ് തീയതി: 18.02.2017 (ഡി) ക്രിയാത്മക കൈവശം (എ) കരുതൽ വില: രൂപ 69,00,000/- (ബി) നിരതദ്രവ്യം: രൂപ 6,90,000/- (സി) ലേല വർദ്ധന തുക: രൂപ 10,000/-

നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി: 26.10.2026

വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി 23.10.2026

ഇ-ലേല തീയതിയും സമയവും: 27.10.2026 ന് ഉച്ചയ്ക്ക് 12.00 മണി മുതൽ 02.00 മണി വരെ,

വ്യവസ്ഥകളും നിബന്ധനകളും: (1). വിൽപന, 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. **(2).** വസ്തുക്കൾ **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ ആയിരിക്കും വിൽപന. **(3).** അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിടത്തോളം പട്ടികയിൽ പറഞ്ഞിട്ടുള്ള ഈട് വസ്തുക്കളുടെ പൂർണ്ണവിവരം നൽകിയിട്ടുള്ളതാണ്. എന്നാൽ വസ്തുവിലുള്ള പിശക്, തെറ്റായ പ്രസ്താവന അല്ലെങ്കിൽ ഒഴിവാക്കൽ വല്ലതും ഉണ്ടെങ്കിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല. **(4).** അധികാരപ്പെട്ട ഉദ്യോഗസ്ഥന് സ്വീകരിക്കാൻ പറ്റാത്ത ബിഡ്ഡുകൾ സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരമുണ്ടായിരിക്കുന്നതാണ്. ലേലം നീട്ടി വെയ്ക്കുന്നതിനോ /റദ്ദു ചെയ്യുന്നതിനോ /മാറ്റി വെയ്ക്കുന്നതിനോ വിൽപനയുടെ വ്യവസ്ഥകളിലും നിബന്ധനകളിലും മാറ്റം വരുത്തുന്നതിനും മുൻകൂട്ടിയുള്ള അറിയിപ്പോ കാരണമോ ഒന്നും കൂടാതെ തന്നെ എപ്പോൾ വേണമെങ്കിലും അധികാരപ്പെട്ട ഉദ്യോഗസ്ഥന് അധികാരമുണ്ട്. അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ തീരുമാനം അന്തിമമായിരിക്കും. **(5).** കരുതൽ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വസ്തു വിൽക്കുന്നതല്ല. **(6).** ലേല വിൽപന **https://Baanknet.com** എന്ന ഇ-ലേല പ്ലാറ്റ്ഫോം മുഖാന്തിരം **27.10.2026 ന് ഉച്ചയ്ക്ക് 12.00 മണി മുതൽ 02.00 മണിവരെയായിരിക്കും. (7).** ലേല വിൽപനയുടെ വ്യവസ്ഥകളും നിബന്ധകളും കൂടുതൽ അറിയുന്നതിനായി **https://Baanknet.com & www.pnb.bank.in** എന്നീ വെബ് സൈറ്റുകൾ സന്ദർശിക്കുക.

തീയതി: 22.09.2026, സ്ഥലം: എറണാകുളം.

(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്, എ.ആർ.എം.ബി.എറണാകുളം

E2610-604224

बैंक ऑफ़ बड़ौदा Bank of Baroda

ചാലക്കുടി ശാഖ
ഒന്നാം നില, ടൗൺ ഹാൾ ഷോപ്പിങ് കോംപ്ലക്സ്, മെയിൻ റോഡ്, ചാലക്കുടി- 680307, Ph : 0480 2708010
Email: chalak@bankofbaroda.com

വായ്പക്കാർക്കുള്ള നോട്ടീസ്

സർഫേസി ആക്ട് 2002ലെ 13(2)-ാം വകുപ്പു പ്രകാരമുള്ള നോട്ടീസ്

To, (1) **ശ്രീ. സുജിത്ത്. ഒ.കെ,** C/o കാർത്തികേയൻ ഒ.കെ. (2) **ശ്രീമതി. പ്രീത. ടി.പി,** C/o. സുജിത്ത്.ഒ.കെ, ഇരുവരും താമസം: ഒട്ടാരത്തിൽ ഹൗസ്, അഴകം, കൊടകര, തൃശ്ശൂർ- 680684, (3) M/s. **ഒട്ടാരത്തിൽ ഏജൻസീസ്,** പ്രൊപ്രൈറ്റർ: ശ്രീ.സുജിത്ത് ഒ.കെ, 3/560 കേയാർ കോംപ്ലക്സ്, കൊടകര, ചാലക്കുടി, തൃശ്ശൂർ- 680684.

സർ/മാഡം, **വിഷയം: നിങ്ങൾക്ക്, ചാലക്കുടി ശാഖയുമായുള്ള ലോൺ ഇടപാടു സംബന്ധിച്ച്:**

1. 28.05.2024 (ബറോഡ ഭവന വായ്പ) & 29.05.2024 (ബറോഡ ടോപ് അപ് വായ്പ) ലെ കത്ത് പ്രകാരം നിങ്ങൾക്ക് വായ്പ അനുവദിച്ചിട്ടുള്ളതാണ്. താഴെ പറഞ്ഞിട്ടുള്ള വസ്തുവിന്റെ ഈടിന്മേൽ നിങ്ങൾ വായ്പ ഉപയോഗിക്കുവാൻ തുടങ്ങിയിട്ടുള്ളതാണ്. ടി വായ്പയിലെ ഇപ്പോഴത്തെ കുടിശ്ശിക തുകയുടെ വിശദാംശങ്ങളും ഈട് വസ്തുവിന്റെ വിവരണവും ചുവടെ കൊടുക്കുന്നു.

വായ്പയുടെ സ്വഭാവം	പരിധി	പലിശ നിരക്ക്	07/09/2026ലെ കുടിശ്ശിക തുക (09/08/2026 വരെയുള്ള പലിശ അടക്കം)
Term Loan Baroda Home Loan (34260600007205)	രൂപ 33,90,000/-	8.80%	രൂപ 32,77,468.73
Term Loan Baroda Top Up Loan (34260600007206)	രൂപ 7,78,000/-	9.65%	രൂപ 7,48,602/-
		ആകെ	രൂപ 40,26,070.73

പണയപ്പെടുത്തിയ വസ്തുക്കളുടെ വിശദ വിവരണം: തൃശ്ശൂർ ജില്ലയിൽ, ചാലക്കുടി താലൂക്കിൽ, കൊടകര വില്ലേജിൽ, ശ്രീ.സുജിത്ത്.ഒ.കെ പേരിലുള്ള സർവേ നം.145/1-123 ൽ പെട്ട 4.38 ആർസ് സ്ഥലവും കൊടകര പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വീടും (നം.4/126/A) മറ്റ് സകലവകകളും. **അതിരുകൾ ആധാര പ്രകാരം: വടക്ക്:** സ്വകാര്യ റോഡ്, കണ്ടങ്ങാട്ട് വേണു ഗോപാലൻ വക വസ്തു, **തെക്ക്:** കാഞ്ഞിരത്തിങ്ങൾ ലിജേഷ് വക വസ്തു, **കിഴക്ക്:** കുന്നത്ത് ദേവകി അമ്മ വക വസ്തു, **പടിഞ്ഞാറ്:** 12 അടി സ്വകാര്യ റോഡ്.

2. നിങ്ങൾക്കറിയാവുന്നതുപോലെ, 10.06.2026നും അതിനുശേഷവും അടയ്ക്കേണ്ട ടേം ലോണിന്റെ തവണകൾ അടയ്ക്കുന്നതിൽ നിങ്ങൾ വീഴ്ച വരുത്തിയിട്ടുണ്ട്.

3. 15.10.2024 ലെ അനുമതി കത്ത് പ്രകാരം നിങ്ങളിൽ 3-ാം നമ്പറുകാരന്റെ താഴെ പറയുന്ന ഓവർഡ്രാഫ്റ്റ് വായ്പയും അനുവദിച്ചു.

വായ്പയുടെ സ്വഭാവം	പരിധി	പലിശ നിരക്ക്	07/09/2026ലെ കുടിശ്ശിക തുക (31/08/2026 വരെയുള്ള പലിശ അടക്കം)
Over Draft (34260400000121)	രൂപ 10,00,000/-	11.60%	രൂപ 10,10,459.11

പണയപ്പെടുത്തിയ വസ്തുക്കളുടെ വിശദ വിവരണം: പണയപ്പെടുത്തിയ സ്റ്റോക്ക് ഇലക്ട്രിക്കൽ & ഹോം അപ്ലയൻസസ്

4. കുടിശ്ശിക തുക തിരിച്ചടക്കുവാൻ വീഴ്ച വരുത്തിയതിനാൽ നിങ്ങളുടെ അക്കൗണ്ട് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാർഗ നിർദ്ദേശപ്രകാരം നിങ്ങളിൽ 3-ാം നമ്പറുകാരുടെ ഭവനവായ്പാ അക്കൗണ്ട് 08.09.2026 ന് നിഷ്ക്രിയ ആസ്തിയായി (NPA) തരംതിരിക്കപ്പെട്ടിട്ടുള്ളതാണ്. പലതവണ അറിയിച്ചിട്ടും നിങ്ങൾ കുടിശ്ശിക തുകയും പലിശയും ഇതുവരെ തിരിച്ചടച്ചിട്ടില്ല.

5. ഈട് വസ്തുവിന്മേൽ എടുത്തിട്ടുള്ള വായ്പയിലെ കുടിശ്ശിക തുകയും പലിശയും തിരിച്ചടക്കുവാൻ വീഴ്ച വരുത്തിയതിനാൽ നിങ്ങളുടെ അക്കൗണ്ട് നിഷ്ക്രിയ ആസ്തിയായി (NPA) തരംതിരിക്കപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ ഖണ്ഡിക 1 ൽ പ്രതിപാദിക്കുന്ന വിധം കുടിശ്ശിക തുക പലിശയും മറ്റു ചെലവുകളും ഈടാക്കി കിട്ടുന്നതിന് വേണ്ടി സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ഓഫ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സബ് സെക്ഷൻ (2) സെക്ഷൻ 13 പ്രകാരം 60 ദിവസത്തിനകം കുടിശ്ശിക തുകയായ **രൂപ** 40,26,070.73 **(നാൽപത് ലക്ഷത്തി ഇരുപത്തി ആറായിരത്തി എഴുപത് രൂപ എഴുപത്തി മൂന്ന് പൈസ)** യും 10.08.2026 മുതൽ പലിശയും മറ്റ് ചാർജുകളും സഹിതം തിരിച്ചടയ്ക്കണമെന്ന് അറിയിച്ചുകൊണ്ട് വായ്പക്കാർക്കും ജാമ്യക്കാർക്കും ഡിമാന്റ് നോട്ടീസ് അയച്ചിട്ടുള്ളതാണ്. നിങ്ങൾ കുടിശ്ശിക തുക തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ ടി ആക്ടിലെ സബ് സെക്ഷൻ (4) സെക്ഷൻ 13 പ്രകാരം മുകളിൽ പറഞ്ഞ ഈടു വസ്തുക്കളിൻമേൽ ബാങ്ക് ഈടവകാശം സ്ഥാപിച്ചെടുക്കുന്നതിനുള്ള അധികാരം വിനിയോഗിച്ച് ടി വസ്തുക്കൾ കൈവശം എടുത്തും വിറ്റും സംഖ്യകൾ ഈടാക്കിയെടുക്കുന്നതാണെന്നുമുള്ള വിവരം താങ്കളെ ഇതിനാൽ തെര്യപ്പെടുത്തികൊള്ളുന്നു.

6. ഖണ്ഡിക 1 & 3 ൽ പ്രതിപാദിക്കുന്ന വിധം കുടിശ്ശിക മുഴുവനായി തിരിച്ചടക്കുന്നതുവരെ മുകളിൽ പറഞ്ഞ പലിശനിരക്ക് തുടരുന്നതാണ്.

7. ഖണ്ഡിക 1 ൽ പ്രതിപാദിക്കുന്ന വിധം ടി ആക്ടിന്റെ സെക്ഷൻ 13 സബ് സെക്ഷൻ (13) പ്രകാരം താങ്കൾ ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള വസ്തു വിൽക്കുകയോ, പാട്ടത്തിന് നൽകുകയോ മറ്റ് യാതൊരു വിധത്തിലുള്ള ക്രയ വിക്രയങ്ങളും ചെയ്യരുതെന്ന് ഇതിനാൽ തെര്യപ്പെടുത്തികൊള്ളുന്നു. അതിന് വിരുദ്ധമായി എന്തെങ്കിലും ചെയ്താൽ സെക്ഷൻ 29 പ്രകാരം കുറ്റകരമാണ്.

8. സെക്ഷൻ 13(8) പ്രകാരം വായ്പക്കാർക്ക് ഈടുവസ്തുവിന്മേലുള്ള കുടിശ്ശിക തുകയും പലിശയും മറ്റ് ചെലവുകളും അടച്ച് വസ്തു തിരിച്ചെടുക്കാൻ വസ്തു വിൽപ്പനയുടെ പത്രപരസ്യ തീയതി വരെ സമയം ലഭ്യമാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു. അല്ലാത്തപക്ഷം ക്വട്ടേഷൻ/ടെണ്ടറുകൾ വിളിച്ച്കൊണ്ടോ/സ്വകാര്യ രീതിയിൽ കൂടിയോ സ്ഥാവര വസ്തു പൊതുലേലം ചെയ്യുന്നതാണെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു. പത്രപരസ്യത്തിനു ശേഷം ഈട് വസ്തുവിന്മേൽ നിങ്ങൾക്ക് ഒരു അധികാരവും ഉണ്ടായിരിക്കുന്നതല്ല.

9. പ്രത്യേക ശ്രദ്ധയ്ക്ക് ഈ നോട്ടീസ് ബാങ്കിന് ലഭ്യമായിട്ടുള്ള നിയമപരമായ മറ്റ് ഏതൊരു പരിഹാര ക്രിയയ്ക്കും ഹാനിയും, ഊനവും തടസവും കൂടാത്ത വിധം പരസ്യപ്പെടുത്തുന്നതാകുന്നു

സ്ഥലം : ചാലക്കുടി
തീയതി : 14-09-2026

**(ഒപ്പ്) ചീഫ് മാനേജർ & അധികാരപ്പെട്ട ഉദ്യോഗസ്ഥൻ,
ബാങ്ക് ഓഫ് ബറോഡ**

T2610-604234

RASHTRA DEEPIKA
CHILDREN'S DIGEST
Popular English Child Magazine

बैंक ऑफ़ बड़ौदा Bank of Baroda

വണ്ടാഴി ശാഖ
ബിൽഡിംഗ് നമ്പർ XVI/248, താഴത്തെ നില, വടക്കേമുറി,
വണ്ടാഴി, പാലക്കാട് ജില്ല, പിൻ-678706, കേരളം. ഫോൺ: 91 4922 26006,
ഇ-മെയിൽ: VJVAND@bankofbaroda.bank.in. Web www.bankofbaroda.in

വായ്പക്കാർ/ജാമ്യക്കാർക്കുള്ള നോട്ടീസ്

സർഫേസി നിയമം 2002 ലെ 13(2)-ാം വകുപ്പു പ്രകാരമുള്ള നോട്ടീസ്

To, **വായ്പക്കാർ**: (1). **ശ്രീമതി പുഷ്പലത. പി.വി,** W/o അശോകൻ. കെ, (2). **ശ്രീ. അശോകൻ. കെ,** S/o Late മാധവൻ നായർ, ജാമ്യക്കാരനായ (3). **ശ്രീ. മഹേഷ്. എ.പി,** S/o അശോകൻ. കെ, എല്ലാവരും താമസം: പീരിയാരത്ത് ഹൗസ്, വള്ളിയോട്, മുടപ്പല്ലൂർ, വണ്ടാഴി. പി.ഒ., പാലക്കാട്,കേരളം-678 705.

സർ,

സൂചന: ഞങ്ങളുടെ പാലക്കാട് വണ്ടാഴി ശാഖയുമായുള്ള വായ്പ ഇടപാട് സംബന്ധിച്ച്

1. 27-06-2016 ലെ കത്ത് പ്രകാരം നിങ്ങൾക്ക് വിവിധ വായ്പകൾ അനുവദിച്ചിട്ടുള്ളതാണ്. താഴെ പറഞ്ഞിട്ടുള്ള വസ്തുവിന്റെ ഈടിന്മേൽ നിങ്ങൾ വായ്പ ഉപയോഗിക്കുവാൻ തുടങ്ങിയിട്ടുള്ളതാണ്. ടി വായ്പയിലെ ഇപ്പോഴത്തെ കുടിശ്ശിക തുകയുടെ വിശദാംശങ്ങളും ഈട് വസ്തുവിന്റെ വിവരണവും ചുവടെ കൊടുക്കുന്നു.

വായ്പയുടെ സ്വഭാവം	പരിധി	പലിശ നിരക്ക്	16-09-2026 ലെ തുക (30-05-2026 വരെയുള്ള പലിശയടക്കം)
ടേം വായ്പ- ഭവന വായ്പ	രൂപ 5,00,000/-	9.35%	രൂപ 4,17,845.30 യും 31-05-2026 മുതൽ ഉൾപ്പെടുത്താത്ത പലിശയും

പണയപ്പെടുത്തിയ വസ്തുവിന്റെ വിശദ വിവരണം

ആധാരം നം. 1207/88 പ്രകാരം വണ്ടാഴി II വില്ലേജിൽ പുഷ്പലത. പി.വി വക ബ്ലോക്ക് നം. 47, പഴയ സർവേ നം. 52/2, റീ സർവേ നം. 279/29 ൽ പെട്ട 0.0240 ഹെക്ടർ സ്ഥലവും അതിലിരിപ്പ് നം. 1/579 കെട്ടിടവും അതിലുള്ള സർവ്വവിധ അവകാശങ്ങളും. **04/06/2016 ലെ ലൊക്കേഷൻ സർട്ടിഫിക്കറ്റ് പ്രകാരം അതിരുകൾ: വടക്ക്:** സുദേവൻ വക പ്ലോട്ട്; **തെക്ക്:** കനാൽ; **കിഴക്ക്:** കുഞ്ഞുലക്ഷ്മി വക പ്ലോട്ട്; **പടിഞ്ഞാറ്:** കുഞ്ചു വക പ്ലോട്ട്.

2. നിങ്ങൾക്കറിയാവുന്നതുപോലെ, 31-05-2026 നും അതിനുശേഷവും തിരിച്ചടയ്ക്കാൻ കുടിശ്ശികയുള്ള ടേം വായ്പ/ഡിമാൻഡ് വായ്പകളുടെ തവണകൾ അടയ്ക്കുന്നതിൽ നിങ്ങൾ വീഴ്ച വരുത്തിയിട്ടുണ്ട്.
3. കുടിശ്ശിക തുക തിരിച്ചടക്കുവാൻ വീഴ്ച വരുത്തിയതിനാൽ നിങ്ങളുടെ അക്കൗണ്ട് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാർഗ നിർദ്ദേശപ്രകാരം 29-08-2026 ന് നിഷ്ക്രിയ ആസ്തിയായി (NPA) തരംതിരിക്കപ്പെട്ടിട്ടുള്ളതാണ്. പലതവണ അറിയിച്ചിട്ടും നിങ്ങൾ കുടിശ്ശിക തുകയും പലിശയും ഇതുവരെ തിരിച്ചടച്ചിട്ടില്ല.
4. ഈട് വസ്തുവിന്മേൽ എടുത്തിട്ടുള്ള വായ്പയിലെ കുടിശ്ശിക തുകയും പലിശയും തിരിച്ചടക്കുവാൻ വീഴ്ച വരുത്തിയതിനാൽ നിങ്ങളുടെ വായ്പ നിഷ്ക്രിയ ആസ്തിയായി (NPA) തരംതിരിക്കപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ വിവിധ വായ്പകളിലെ കുടിശ്ശിക തുകയായ **രൂപ** 4,17,845.30 **(നാല് ലക്ഷത്തി പതിനേഴായിരത്തി എണ്ണൂറ്റിനാൽപ്പത്തഞ്ച് രൂപ മുപ്പത് പൈസ മാത്രം)** യും ഖണ്ഡിക 1 ൽ പരാമർശിച്ച നിഷ്ക്രിയ ആസ്തിയായതു മുതൽ ഉൾപ്പെടുത്താത്ത പലിശയും അടയ്ക്കാത്ത പലിശയും കൂട്ടു പലിശയും ഈടാക്കി കിട്ടുന്നതിന് വേണ്ടി സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ഓഫ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സബ് സെക്ഷൻ (2)വസെക്ഷൻ 13 പ്രകാരം 60 ദിവസത്തിനകം കുടിശ്ശിക തിരിച്ചടയ്ക്കണമെന്ന് അറിയിച്ചുകൊണ്ട് വായ്പക്കാർക്കും ജാമ്യക്കാർക്കും ഡിമാന്റ് നോട്ടീസ് അയച്ചിട്ടുള്ളതാണ്. നിങ്ങൾ കുടിശ്ശിക തുക തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ ടി ആക്ടിലെ സബ് സെക്ഷൻ (4) സെക്ഷൻ 13 പ്രകാരം മുകളിൽ പറഞ്ഞ ഈടു വസ്തുക്കളിന്മേൽ ബാങ്ക് ഈടവകാശം സ്ഥാപിച്ചെടുക്കുന്നതിനുള്ള അധികാരം വിനിയോഗിച്ച് ടി വസ്തു കൈവശം എടുത്തും വിറ്റും സംഖ്യകൾ ഈടാക്കിയെടുക്കുന്നതാണെന്നുമുള്ള വിവരം നിങ്ങളെ ഇതിനാൽ തെര്യപ്പെടുത്തി കൊള്ളുന്നു.
5. കുടിശ്ശിക മുഴുവനായി തിരിച്ചടക്കുന്നതുവരെ ഖണ്ഡിക 1 ൽ പരാമർശിച്ച രീതിയിലുള്ള പലിശ നിരക്ക് തുടരുന്നതാണ്.
6. ടി നിയമത്തിന്റെ സെക്ഷൻ 13 സബ് സെക്ഷൻ (13) പ്രകാരം താങ്കൾ ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള വസ്തു വിൽക്കുകയോ, പാട്ടത്തിന് നൽകുകയോ മറ്റ് യാതൊരു വിധത്തിലുള്ള ക്രയ വിക്രയങ്ങളും ചെയ്യരുതെന്ന് ഇതിനാൽ തെര്യപ്പെടുത്തി കൊള്ളുന്നു. അതിന് വിരുദ്ധമായി എന്തെങ്കിലും ചെയ്താൽ സെക്ഷൻ 29 പ്രകാരം കുറ്റകരമാണ്.
7. സെക്ഷൻ 13(8) പ്രകാരം വായ്പക്കാർക്ക് ഈടുവസ്തുവിന്മേലുള്ള കുടിശ്ശിക തുകയും പലിശയും മറ്റ് ചെലവുകളും അടച്ച് വസ്തു തിരിച്ചെടുക്കാൻ വസ്തു വിൽപ്പനയുടെ പത്രപരസ്യ തീയതി വരെ സമയം ലഭ്യമാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു. അല്ലാത്തപക്ഷം ക്വട്ടേഷൻ/ടെണ്ടറുകൾ വിളിച്ച് കൊണ്ടോ / സ്വകാര്യ രീതിയിൽ കൂടിയോ വസ്തു പൊതുലേലം ചെയ്യുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. പത്രപരസ്യത്തിനു ശേഷം ഈട് വസ്തുവിന്മേൽ നിങ്ങൾക്ക് ഒരു അധികാരവും ഉണ്ടായിരിക്കുന്നതല്ല.
8. ഈ ഡിമാൻഡ് നോട്ടീസ്, ഞങ്ങൾക്ക് നൽകേണ്ട തുകകളെക്കുറിച്ച് കൂടുതൽ ആവശ്യങ്ങൾ ഉന്നയിക്കാനുള്ള അവകാശം ഉൾപ്പെടെ, ഞങ്ങൾക്ക് ഉണ്ടായിരിക്കാവുന്ന മറ്റ് അവകാശങ്ങളോ പരിഹാരങ്ങളോ ഒഴിവാക്കുന്നതായി കണക്കാക്കില്ലെന്നും അവയ്ക്ക് യാതൊരു മുൻവിധിയും ഇല്ലെന്നും ദയവായി ശ്രദ്ധിക്കുക.

സ്ഥലം : വണ്ടാഴി,
തീയതി : 16-09-2026.

**ഒപ്പ് അധികാരപ്പെടുത്തപ്പെട്ട ഓഫീസർ,
ചീഫ് മാനേജർ, ബാങ്ക് ഓഫ് ബറോഡ.**

T2610-604235

കേരളം സർക്കാർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

CMO Keralam
cmokeralam
CMOKeralam
Kerala Government
iprdkerala
Kerala Government
PRD LIVE

പുതുയുഗ വഴിയിൽ
"നാമുണരുന്നു... നാടുണരുന്നു..."

സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം
2026 ഒക്ടോബർ 2 മുതൽ 15 വരെ

സംസ്ഥാനതല ഉദ്ഘാടനം
ശ്രീ. വി.ഡി. സതീശൻ
ബഹു. മുഖ്യമന്ത്രി

2026 ഒക്ടോബർ 2 വെള്ളിയാഴ്ച
രാവിലെ 10 മണി
മഹാരാജാസ് കോളേജ് ആഡിറ്റോറിയം,
എറണാകുളം

സമാപന സമ്മേളന ഉദ്ഘാടനം
ശ്രീമതി കെ.എ. തുളസി ടീച്ചർ
ബഹു. പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി
2026 ഒക്ടോബർ 15 വ്യാഴാഴ്ച
തിരുവനന്തപുരം

- വകുപ്പുകളുടെ പദ്ധതികളുടെ പ്രചാരണവും ബോധവത്കരണവും
- തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നഗരുകളുടെ ശുചീകരണം
- വകുപ്പുകൾക്ക് കീഴിലുള്ള സ്ഥാപനങ്ങളുടെ ശുചീകരണം
- പൂർത്തിയായ പദ്ധതികളുടെ ഉദ്ഘാടനം
- പുതിയ പദ്ധതികളുടെ പ്രവൃത്തി ഉദ്ഘാടനം
- ലഹരി വിരുദ്ധ ബോധവത്കരണം
- മെഡിക്കൽ ക്യാമ്പുകൾ
- ഗുണഭോക്തൃ സംഗമം

DD R2610-604121 RD R2610-604122